## 2025 ലെ ഓവർസീസ് മൊബിലിറ്റി (ഫെസിലിറ്റേഷൻ ആൻഡ് വെൽഫേർ) കരട് ബിൽ

ഒക്ടോബർ 09, 2025

1983 ലെ നിലവിലുള്ള എമിഗ്രേഷൻ ആക്റ്റിന് പകരം ഓവർസീസ് മൊബിലിറ്റി (ഫെസിലിറ്റേഷൻ ആൻഡ് വെൽഫേർ) ബിൽ, 2025 വിദേശകാര്യ മന്ത്രാലയം പാർലമെന്റിൽ അവതരിപ്പിക്കും

2. 2025 ലെ നിർദ്ദിഷ്ട ഓവർസീസ് മൊബിലിറ്റി (ഫെസിലിറ്റേഷൻ ആൻഡ് വെൽഫെയർ) ബിൽ, എമിഗ്രേഷൻ കൈകാര്യം ചെയ്യുന്നതിനുള്ള ഒരു സമഗ്ര ചട്ടക്കൂട് സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു, ഇന്ത്യൻ പൗരന്മാർക്ക് സുരക്ഷിതവും ക്രമീകൃതവും കൃതമായി നിയന്ത്രിക്കപ്പെടുന്നതുമായ വിദേശ തൊഴിൽ ഉറപ്പാക്കുന്നതിനുള്ള നിയന്ത്രണ സംവിധാനങ്ങൾ ഇത് അവതരിപ്പിക്കുന്നു. കുടിയേറ്റക്കാരുടെ സംരക്ഷണത്തിനും ക്ഷേമം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നയപരമായ നടപടികൾ ഉൾപ്പെട്ട നയങ്ങളും പദ്ധതികളും സൃഷ്ടിക്കുന്നതിനുള്ള ഒരു ചട്ടക്കൂടും ഇത് സ്ഥാപിക്കുന്നു.

3. നിർദ്ദിഷ്ട ഓവർസീസ് മൊബിലിറ്റി (ഫെസിലിറ്റേഷൻ, വെൽഫേർ) ബിൽ, 2025 ന്റെ പ്രധാന സവിശേഷതകൾ ഇനിപ്പറയുന്നവയാണ്:

(i) നയം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് മന്ത്രാലയങ്ങൾ തമ്മിൽ കൂടുതൽ സംയോജനം ഉറപ്പാക്കാൻ ലക്ഷ്യമിട്ടുള്ള ഒരു ഓവർസീസ് മൊബിലിറ്റി ആൻഡ് വെൽഫെയർ കൗൺസിൽ സ്ഥാപിക്കാൻ ഇത് നിർദ്ദേശിക്കുന്നു.

(ii) വിദേശത്ത് അവസരങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ദുർബല വിഭാഗങ്ങളുടെ സംരക്ഷണത്തിനും ക്ഷേമത്തിനും നിയന്ത്രണ ചട്ടക്കൂട് സ്ഥാപിക്കുന്നതിനും ഇടയിൽ സന്തുലിതാവസ്ഥ സൃഷ്ടിക്കാൻ ബിൽ ശ്രമിക്കുന്നു.

(iii) കുടിയേറ്റവും മൊബിലിറ്റിയും സംബന്ധിച്ചുള്ള അന്താരാഷ്ട്ര കരാറുകളുടെ നടത്തിപ്പും നടപ്പിലാക്കലും മേൽനോട്ടം വഹിക്കുന്നതിനുള്ള ഒരു സംവിധാനം ഈ ബിൽ സൃഷ്ടിക്കുന്നു.

(iv) തൊഴിൽ പഠനങ്ങളിൽ നിന്നുള്ള അറിവുകളും വിവിധ മന്ത്രാലയങ്ങൾക്കും വകുപ്പുകൾക്കുമിടയിലെ ഏകോപിതമായ പ്രവർത്തനങ്ങളും അടിസ്ഥാനമാക്കി ശക്തമായ ഡാറ്റാ അധിഷ്ഠിത നയ മാനേജുമെന്റ് ഈ നിയമം സാധ്യമാക്കുന്നു.

4. ഓവർസീസ് മൊബിലിറ്റി (ഫെസിലിറ്റേഷൻ ആൻഡ് വെൽഫെയർ) ബിൽ 2025 ന്റെ കരട് രൂപം പൊതുജനാഭിപ്രായങ്ങൾക്കായി വിദേശകാര്യ മന്ത്രാലയത്തിന്റെ വെബ്സൈറ്റായ https://www.mea.gov.in/overseasmobilitybill2025.htm ൽ ലഭ്യമാണ്.

5. കരട് ബില്ലിനെക്കുറിച്ചുള്ള അഭിപ്രായങ്ങൾ/നിർദ്ദേശങ്ങൾ 2025 നവംബർ 07 നകം താഴെ നൽകിയിരിക്കുന്ന ഏതെങ്കിലും ഇമെയിലുകളിലേക്ക് അയക്കാവുന്നതാണ്.

[mailto: us1.epw@mea.gov.in]

[mailto: consultant4.epw@mea.gov.in]

[mailto: so2oia1@mea.gov.in]

**ന്യൂഡൽഹി**

**ഒക്ടോബർ 09, 2025**